# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1065

30.10.2019-ലെ മറുപടി

### മഞ്ചേരിയിലെ കൊമ്പൻകല്ല് കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മഞ്ചേരി നിയോജക മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ കൊമ്പൻകല്ല് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്താൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | മഞ്ചേരി നിയോജക മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ കൊമ്പൻകല്ല് കുടിവെള്ള പദ്ധതിയുടെ പണി പൂർത്തീകരിച്ചെങ്കിലും ജലത്തിന് ഗുണനിലവാര പ്രശ്നങ്ങൾ ഉള്ളത് കാരണം പദ്ധതി കമ്മിഷൻ ചെയ്ത് ജല വിതരണം നടത്താൻ സാധിച്ചിട്ടില്ല. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് മലപ്പുറം റീജണൽ പ്രോജക്ട് മാനേജ്മെന്റ് എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരുന്നത്; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ; | (ബി) & (സി) | ഇതുമായി ബന്ധപ്പെട്ട് മലപ്പുറം റീജിയണൽ ഓഫീസിൽ നിന്നും KRWSA-MLPM/195/2018/Splt/ES എന്ന കത്ത് പ്രകാരം Sedimentation, aeration എന്നീ പ്രക്രിയകൾ വഴി ജല ശുദ്ധീകരണത്തിനുള്ള പ്രൊപ്പോസൽ ജലനിധിയുടെ PMU ഓഫീസിൽ നൽകിയിട്ടുണ്ട്. ടി പ്രവർത്തികൾ ചെയ്യുന്നതിന് 17.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | കുടിവെള്ള വിതരണത്തിന് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വെളിപ്പെടുത്താമോ; | | |
| (ഡി) | പ്രസ്തുത പ്ലാന്റ് ആരംഭിക്കുന്ന കാര്യത്തിൽ ജലനിധി വേണ്ടത്ര പരിഗണന നൽകുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) & (ഇ) | ജലനിധി പദ്ധതിക്കുള്ള ലോകബാങ്ക് ധനസഹായം 28.06.2019 വരെ മാത്രമേ ലഭ്യമായിരുന്നുള്ളൂ. പ്രസ്തുത പദ്ധതി സംസ്ഥാന സർക്കാരിന്റെ 'ജലനിധി സുസ്ഥിരത പദ്ധതിയിൽ' ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള |

| ചോദ്യം | | | മറുപടി |
|---|---|---|---|
| (ഇ) | ഉണ്ടെങ്കിൽ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടും നാളിതുവരെ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം എന്നു ആരംഭിക്കാൻ സാധിക്കുമെന്നറിയിക്കാമോ? | | ഭരണാനുമതി ലഭ്യമാക്കി ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിച്ചു ജല വിതരണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**